**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3424** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | I **കേന്ദ്ര സർക്കാർ സോളർഷിപ്പുകൾ**<br><br>1. മൈനോറിറ്റി പ്രീ-മെട്രിക് സ്കോളർഷിപ്പ് - 9, 10 ക്ലാസുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി , ജൈനർ, ബുദ്ധർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ്.<br><br>2. അംഗപരിമിതരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് - 9,10 ക്ലാസുകളിൽ പഠിക്കുന്ന അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (സ്കോളർഷിപ്പ് അർഹരാകുന്ന കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവം അനുസരിച്ച് സ്കോളർഷിപ്പ് തുക അനുവദിക്കുന്നു).<br><br>3. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് - ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് പരീക്ഷാഭവൻ നടത്തുന്ന എഴുത്ത് പരീക്ഷ പാസായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന 3473 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 12000/- രൂപ വീതം 9, 10, +1, +2 ക്ലാസുകളിൽ സ്കോളർഷിപ്പ് തുക നൽകി വരുന്നു.<br><br>4. ബീഗം ഹസ്രത് മഹൽ നാഷണൽ സ്കോളർഷിപ്പ് - 9, 10 ക്ലാസുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, ജൈനർ, ബുദ്ധർ എന്നി വിഭാഗങ്ങളിൽപ്പെടുന്ന പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്.<br><br>**II. സംസ്ഥാന സർക്കാർ സ്കോളർഷിപ്പുകൾ**<br><br>1. മുസ്ലീം/നാടാർ/മറ്റ് മുന്നോക്ക/പിന്നോക്ക മുന്നോക്ക സമുദായത്തിലെ ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്<br><br>5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 25000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനം ഉള്ള |

യു.പി/ എച്ച്.എസ് ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിവർഷം യു.പി വിഭാഗത്തിന് 125/- രൂപയും എച്ച്.എസ് വിഭാഗത്തിന് 150/- രൂപയും നൽകി വരുന്നു.

2. എൽ.എസ്.എസ് സ്കോളർഷിപ്പ് - എല്ലാ പരീക്ഷയിലും എ ഗ്രേഡ് വാങ്ങി പാസാകുന്ന 5,6,7 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നു. 4-ാം ക്ലാസിൽ പരീക്ഷാഭവൻ നടത്തുന്ന എഴുത്തു പരീക്ഷയിൽ പാസാകുന്ന എല്ലാ കുട്ടികൾക്കും 1000/- രൂപ വീതം സ്കോളർഷിപ്പ് തുക നൽകി വരുന്നു.

3. യു.എസ്.എസ് സ്കോളർഷിപ്പ് - എല്ലാ പരീക്ഷയിലും എ ഗ്രേഡ് വാങ്ങി പാസാകുന്ന 8,9,10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കുന്നു.

8-ാം ക്ലാസിൽ പരീക്ഷാഭവൻ നടത്തുന്ന എഴുത്തു പരീക്ഷയിൽ പാസാകുന്ന എല്ലാ കുട്ടികൾക്കും 1500/- രൂപ വീതം സ്കോളർഷിപ്പ് തുക നൽകി വരുന്നു.

4. സൈനിക് സ്കൂൾ സ്കോളർഷിപ്പ് - എല്ലാ അക്കാഡമിക വർഷവും കുട്ടികളുടെ എണ്ണവും കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലും സ്കോളർഷിപ്പ്, ഡയറ്റി ചാർജ്ജ്, ക്ലോത്തിംഗ് ചാർജ്ജ് എന്നിവ നൽകി വരുന്നു.

5. രാഷ്ട്രീയ ഇന്ത്യൻ മിലിറ്ററി കേഡറ്റ് സ്കോളർഷിപ്പ് - പ്രതിവർഷം ഒരു കേഡറ്റിന് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകി വരുന്നു,

6. ശുദ്ധ സംസ്കൃതം സ്കോളർഷിപ്പ്

7. സംസ്കൃതം സ്കോളർഷിപ്പ്

**<u>മറ്റ് ആനുകൂല്യങ്ങൾ</u>**

കേരള സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ ഒന്ന് മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബുക്ക് & സ്റ്റേഷനറി അലവൻസ് (പ്രതി വർഷം 1500/- രൂപ), മെഡിക്കൽ കെയർ & ഹെൽത്ത് സപ്പോർട്ട് അലവൻസ് (പ്രതി വർഷം 2500/- രൂപ) അലവൻസ് ടു പർച്ചേസ് ബ്രയ്‌ലി ലേണിംഗ് മെറ്റീരിയൽസ് (ഒന്നു മുതൽ അഞ്ചു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പ്രതിവർഷം 2500/-രൂപ ആറു മുതൽ എട്ടു വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പ്രതിവർഷം 4500/- രൂപ),

| | | | |
|---|---|---|---|
| | | | സെഷ്യൽ അലവൻസ് ടു ബെഡ് റിഡ്ഡൻ സ്റ്റുഡന്റ്സ് (പ്രതി വർഷം 2500/- രൂപ) എന്നീ ഇനങ്ങളിലായി തുക അനുവദിച്ചു നൽകുന്നു.<br><br>ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾചേരൽ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി നടപ്പിലാക്കി വരുന്നു. 40% മോ അതിലധികമോ വൈകല്യമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരീക്ഷാഭവൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് അർഹമായ പരിക്ഷാനുകൂല്യങ്ങളും നൽകി വരുന്നു.<br><br>കേരള കലോത്സവത്തിൽ എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് 1000/- രൂപ വീതം പ്രൈസ് മണി നൽകി വരുന്നു.<br><br>സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതിപ്രകാരം തുക അനുവദിച്ചു വരുന്നു. ഇത് പ്രകാരം സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ മരണപ്പെട്ടാൽ 50,000/- രൂപയും , ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപയും കുട്ടിയുടെ രക്ഷിതാവിന് ക്ലെയിം ആയി ലഭിക്കും. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഒരു രക്ഷിതാവ് മരണപ്പെട്ടാൽ 50,000/- രൂപ (ട്രഷറി അക്കൗണ്ടിൽ) ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും, പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നതാണ്.<br><br>സംസ്ഥാന സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് വിജയികളാകുന്നവർക്ക് പ്രൈസ് മണി, ദേശീയ സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് മെഡൽ നേട്ടം കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡ് എന്നിവ നൽകി വരുന്നു. |
| (ബി) | എൽ.എസ്.എസ്., യു.എസ്.എസ്. ഉൾപ്പെടെയുള്ള സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന തുക സമയബന്ധിതമായി നൽകാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് തുക ഫണ്ട് ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വിശദമാക്കുമോ; | (സി) | എൽ.എസ്.എസ്./യു.എസ്.എസ് സ്കോളർഷിപ്പ് തുക 2019-20 വർഷം മുതൽക്ക് കുടിശ്ശിക അനുവദിക്കാനുണ്ട് .സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ |

| | | | |
|---|---|---|---|
| | | | അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം അനുവദിക്കുന്ന തുക കുടിശ്ശികയുണ്ട്.2022-23 വർഷം ദേശിയ സ്കൂൾ മീറ്റുകളിൽ പങ്കെടുത്ത് മെഡൽ നേട്ടം കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് അവാർഡ് കുടിശ്ശികയുണ്ട്. |
| (ഡി) | ഇത്തരം സ്കോളർഷിപ്പ് പദ്ധതികൾ സുഗമവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) | വിവിധ സ്കോളർഷിപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തുകകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ